(സി) റാന്നി താലൂക്കിലെ അത്തിക്കയം-തെക്കേതൊടി, ചൂരക്കുഴി പ്രദേശങ്ങളിലെ പട്ടയ പ്രശ്നം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചൂരക്കുഴി ഭാഗത്ത് നേരത്തെ കരം അടച്ചിരുന്ന ഭൂമിയുടെ കരം അടവ് റദ്ദ് ചെയ്തിട്ടുണ്ട്. 88 കുടുംബങ്ങളുടെ കരം അടവാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്. പട്ടയം ലഭിച്ചിട്ടുള്ളവർ പതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായി കൈമാറ്റം ചെയ്തതിനാൽ കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6-8-1981-ലെ 20335/സി2/81/ആർ.ഡി.നമ്പർ സർക്കാർ കത്തിലെ നിർദ്ദേശാനുസരണം തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ 25-5-2012-ലെ 5711/11/ബി1 ഉത്തരവ് പ്രകാരമാണ് പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുള്ളത്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടയത്തിനുള്ള അപേക്ഷ സ്വീകരിച്ച് കൈവശം അളന്ന് തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കി. 224 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ട്

149(3071) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റിവർമാനേജ്മെന്റ് ഫണ്ടിലേക്ക് ഓരോ ജില്ലയിൽനിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ 1-7-2011 മുതൽ 31-10-2014 വരെയുള്ളത് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) തുകയുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) തുകയുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly